Reg. No.: ..............................

Name: ..................................

DON BOSCO ARTS AND SCIENCE COLLEGE
LIBRARY
ANGADIKADAVU

M 11500

**I Semester B.A./ B.Sc./ B.Com./ B.B.A./ B.B.A.T.T.M./ B.B.M./ B.C.A./ B.S.W. Degree (CCSS – Reg./Supple./Imp.) Examination, November 2011**
**COMMON COURSE IN MALAYALAM FOR B.A./ B.Sc.**
**1 A 07 MAL : സാഹിത്യ പഠനങ്ങൾ**
**(2009 Admn.)**

Time : 3 Hours

Max. Weightage : 30

I. താഴെ കൊടുത്തിരിക്കുന്ന **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക (**ഓരോ** വിഭാഗത്തിന്റെയും മൂല്യം – **1**). **(4×1=4വെയിറ്റേജ്)**

1) ''എങ്കിലും ചരിത്രത്തിൻ പ്രൗഢമാം സ്വപ്നം പോലെ
തൻ കണ്ണാൽ കൺകെത്തന്നെ തകർന്നൂ തൽസാമ്രാജ്യം''

എ) ആരുടെ സാമ്രാജ്യം ?

ബി) കവിതയേത് ?

സി) കവി ഈ കവിതയിൽ വിമർശിക്കുന്നതെന്തിനെ ?

ഡി) 'പൂനയിങ്കലെപ്പുരാതനമാം ചിത'യിൽ ആരെയാണു കവി സ്മരിക്കുന്നത് ?

2) ''വികൃതമെലിമ്പുന്തും മാറത്തമരുമാ
ദുരിതത്തിൽ തൂമുഖത്തിന്നു നേരെ
മിഴിതുറിച്ചാർത്തിയാൽ രോഷത്താലായിരം
കഠിനശാപങ്ങളെറിയുവോളെ''

എ) ഏതു കവിത ?

ബി) തൂമുഖം ആരുടേതാണു ?

സി) കഠിനശാപങ്ങളെറിയുന്നതാര് ?

ഡി) കഠിനശാപങ്ങളെറിയാൻ കാരണമെന്ത് ?

3) ''ആ വഴിയുടെ ഇരുപാടുമേ
ചെറുതും വലുതുമായ
പുകക്കുഴലുകളുയർന്നു''

എ) ഏതു കവിത ?

ബി) ഏതു വഴിയുടെ

സി) എന്തിന്റെ പുകക്കുഴലുകൾ ?

ഡി) പുകക്കുഴലുകൾ എന്തിനെ പ്രതിനിധീകരിക്കുന്നു ?

P.T.O.

4) ''ബന്ധുക്കളുടെയിടയിൽ പ്രതാപത്തോടും ശ്രീയോടും കൂടിയിരിക്കുന്ന ഒരുവനോടാണു ഒരാളിതു ചെയ്തതെങ്കിൽ ബഹുമാനിക്കാമായിരുന്നു''

എ) വക്താവാര് ?

ബി) സന്ദർഭമേത് ?

സി) എന്താണു ചെയ്തത് ?

ഡി) ആരാണതു ചെയ്തത് ?

5) ''മഗ്നമാം വരമ്പൂടെ കാൽ പതിച്ചഥ പോയാർ
സത്വരം ജലോപരി നടക്കുന്നതു പോലെ''

എ) ജലോപരി പണ്ട് നടന്നതാര് ?

ബി) ഇപ്പോൾ ആരാണു പോയത് ?

സി) എങ്ങനെയാണവർ പ്രശ്നം മറികടന്നത് ?

ഡി) ആരുടെ കവിത ?

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക (വെയിറ്റേജ് – **1**). **(4×1=4 വെയിറ്റേജ്)**

6) ''നാനാവേഷാചാര വിചാര –
മനുഷ്യസമോഷ്മള സഹകരണത്തിൽ
ഗാനം പോൽ ശുഭസുന്ദരമൈഹിക–
ജീവിതമെങ്ങും കതിരണിയാവൂ'' – വിശദീകരിക്കുക.

7) ''ഈ കണക്കൊന്നു പറഞ്ഞുതരാമോ ? നാളെ ചെയ്തു കൊണ്ടു ചെല്ലാഞ്ഞാൽ മാസ്റ്റർ എന്നെ പുറത്തു നിർത്തും.'' ആരുടെ വാക്കുകൾ ? വിശദീകരിക്കുക.

8) ''നെഞ്ചിൽ തടവി ആശ്വസിപ്പിക്കുകയാണു ഷെർലക്ക്. പരമരഹസ്യം പോലെ ചെവിയിൽ പിറുപിറുക്കുന്നു, ''ഞാനിവിടെയുണ്ട്, പേടിക്കാതെയുറങ്ങ്'' – വിശദീകരിക്കുക.

9) ''ആ അർത്ഥം തന്നെ, മരിക്കുകയെന്നു കേട്ടിട്ടില്ലേ ? സുഖമായി മരിക്കുവാൻ ഏർപ്പെടുത്തിക്കൊടുക്കും ഞങ്ങൾ '' – സന്ദർഭം വിവരിക്കുക.

10) ''മുറ്റിയ സഹോദര കലഹത്തിങ്കൽക്കണ്ടി–
നെറ്റിമേലേറ്റോരിന്ത്യതൻ ചോരക്കണം പോലെ !'' – വിശദീകരിക്കുക.

III. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ നിന്നു **അഞ്ചെണ്ണ**ത്തിനു ഉത്തരമെഴുതുക (വെയിറ്റേജ് – **2**). **(5×2=10 വെയിറ്റേജ്)**

11) 'അശ്വത്ഥാമാവിന്റെ ചിരഞ്ജീവിത്വത്തെ എന്തിന്റെ പ്രതീകമായാണു മാരാർ കണക്കാക്കുന്നത് ? – വിശദീകരിക്കുക.

12) 'നിരവധി തനത് എഴുത്തുകളുടെ കൂട്ടായ്മയാകണം പൊതുധാരാ എഴുത്ത് ' എന്ന് സാറാജോസഫ് വാദിക്കുന്നതിനു കാരണമെന്ത് ?

DON BOSCO ARTS AND SCIENCE COLLEGE LIBRARY ANGADIKADAVU

13) 'ഉമ്പിച്ചി'യും, 'ലോഹിതാക്ഷ'നും കേരളീയ ജീവിതത്തിന്റെ രണ്ടു മുഖങ്ങളെ പ്രതിനിധീകരിക്കുന്നു – വിശദീകരിക്കുക.

14) ''ഷെർലക്ക്'' എന്ന കഥ ആവിഷ്കരിക്കുന്ന സാമൂഹ്യപ്രശ്നങ്ങൾ ഏവ ?

15) ''എങ്ങു മനുഷ്യനുചങ്ങല കൈകളി –
ലങ്ങെൻ കൈയുകൾ നൊന്തീടുകയാ
ണങ്ങോ മർദ്ദന, മവിടെ പ്രഹരം
വീഴുവതെന്റെ പുറത്താകുന്നു''– വിശദീകരിക്കുക.

16) 'വൃത്താന്ത പത്രപ്രവർത്തനം'– എന്ന കഥയിൽ പ്രകടമാകുന്ന ഉത്തരാധുനിക പ്രവണതകൾ വിശദമാക്കുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങളിൽ നിന്ന് **മൂന്നെണ്ണ**ത്തിനു ഉത്തരമെഴുതുക. (വെയിറ്റേജ് – **4**). **(3×4=12 വെയിറ്റേജ്)**

17) 'മരക്കാപ്പിലെ തെയ്യങ്ങൾ' എന്ന നോവലിലെ ആഖ്യാനപരമായ പ്രത്യേകതകൾ വിശദീകരിക്കുക.

18) വി. ടി. യുടെ ആത്മകഥയും കേരളീയ നവോത്ഥാനവും തമ്മിലുള്ള ബന്ധം 'വളർന്നു വരുന്ന ആത്മാവ് ' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിശദീകരിക്കുക.

19) ദേശീയോദ്ഗ്രഥനത്തിന്റെ സാംസ്കാരിക പശ്ചാത്തലത്തെക്കുറിച്ചുള്ള തായാട്ടു ശങ്കരന്റെ ചിന്തകൾ വിലയിരുത്തുക.

20) 'കൊച്ചിയിലെ വൃക്ഷങ്ങൾ' അവതരിപ്പിക്കുന്ന സംസ്കാരത്തിന്റെ ഭിന്നമുഖങ്ങൾ – വിശദീകരിക്കുക.

---